**ഡൽഹിയിലെ നടക്കുന്ന പല സമരങ്ങളിലും കണ്ടിരുന്ന ആരേയും ഹസാരെയുടെ സമരത്തിൽ കാണാൻ കഴിഞ്ഞില്ലെന്നും പങ്കാളികളല്ല, കാഴ്ച്ചക്കാരായിരുന്നു അവിടെ തടിച്ചുകൂടിയവരിൽ അധികവുമെന്നും ഡോ. എം.വി. ബിജുലാൽ**

# മൂല്യബോധവും സമരങ്ങളും

ഉപവാസ സമരരീതിയെക്കുറിച്ച് എനിക്ക് വിരുദ്ധമായ അഭിപ്രായമാണുള്ളത്. നല്ലതുപോലെ ഉണ്ടും ഉറങ്ങിയും ആരോഗ്യത്തോടെ ചെയ്യേണ്ടതാണ് സമരമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

മാധ്യമങ്ങളാണ് അന്നാ ഹസാരെയുടെയും രാംദേവിന്റെയും സമരത്തിന്റെ പ്രചാരകരായി വർത്തിച്ചത്. അവർ തന്നെയാണ് മേധയുടെ സമരത്തെ അവഗണിച്ചതും. അഴിമതി വിരുദ്ധനെന്ന ഇമേജുള്ള പ്രധാനമന്ത്രി അഴിമതി വിരുദ്ധ സമരത്തെ സർവ്വാത്മനാ സ്വീകരിക്കുക കൂടി ചെയ്തപ്പോഴാണ് അന്നാ ഹസാരെയുടെ സമരത്തിന്റെ സ്വീകാര്യത കൂടിയത്. അന്നാ ഹസാരെ എന്ന വ്യക്തിയെയാണ് പ്രധാനമന്ത്രി മുഖ്യമായും പുകഴ്ത്തിയത്. ഹസാരെയ്ക്ക് ഭാരതരത്നം കിട്ടിയാലും അതിൽ അത്ഭുതപ്പെടാനില്ല! വ്യക്തമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് യു.പി.എ ഹസാരെയുടെ സമരത്തെ സ്വീകരിക്കാൻ തയ്യാറായിരിക്കുന്നത്. കപിൾ സിബലാണ് സമരക്കാരുമായ ചർച്ച നടത്തുന്നത് എന്നതാണ് വലിയ തമാശ. സ്പെക്ട്രം ഇടപാടിൽ ഒരുതരത്തിലുള്ള അഴിമതിയും നടന്നിട്ടില്ലെന്ന് പത്രങ്ങളോട് പറഞ്ഞ മന്ത്രിയാണ് കപിൾ സിബൽ. സ്പെക്ട്രം ഇടപാടിൽ അഴിമതി നടത്തിയവരെല്ലാം ജയിലിലായിട്ടും തന്റെ പ്രസ്താവന തെറ്റാണെന്ന് പറയാൻ കപിൾ സിബൽ തയ്യാറായിട്ടില്ല. അഴിമതി തടയാനുള്ള ലോക്പാൽ ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് കപിൾ സിബൽ തന്നെയാണ് നേതൃത്വം നൽകുന്നത്. ഇന്ത്യൻ ജനാധിപത്യം എത്തിനിൽക്കുന്ന ഒരു വലിയ പ്രതിസന്ധിയാണ് ഇത്.

വ്യക്തിപരമായ ലക്ഷ്യങ്ങൾ സത്യാഗ്രഹ സമരങ്ങളിൽ കടന്നുകൂടാൻ പാടില്ല. അംബേദ്കറിനെതിരെയും സുഭാഷ്ചന്ദ്രബോസിനെതിരെയും ഗാന്ധിജി നടത്തിയ സത്യാഗ്രഹങ്ങളിൽ വ്യക്തി താത്പര്യങ്ങളാണ് മുന്നിൽ നിന്നിരുന്നത്.

നവസാമൂഹികപ്രസ്ഥാനങ്ങളുടെ മുൻകൈയിൽ ഡൽഹിയിൽ നടക്കുന്ന വിവിധ സമരങ്ങളിൽ കഴിഞ്ഞ 12 വർഷമായി പങ്കെടുക്കുന്നയാളാണ് ഞാൻ. അന്നാ ഹസാരെയുടെ സമരം നടക്കുമ്പോഴും രണ്ട് ദിവസം ഞാൻ അവിടെയുണ്ടായിരുന്നു. എന്നാൽ പല സമരങ്ങളിലും ഞാൻ കണ്ടിരുന്ന ആരേയുമല്ല ആ സമരത്തിൽ കാണാൻ കഴിഞ്ഞത്. പങ്കാളികളല്ല, കാഴ്ച്ചക്കാരായിരുന്നു അവിടെ തടിച്ചുകൂടിയവരിൽ അധികവും. പ്രാർത്ഥനാ ചലനങ്ങളോടെ മുദ്രാവാക്യം വിളിക്കുന്നവരായിരുന്നു മുൻനിരയിൽ ഉണ്ടായിരുന്നത്. അവർക്ക് പിന്നിൽ ഹൂളിഗനിസം കാണിക്കുന്ന കുറെ ചെറുപ്പക്കാർ. സംവരണത്തിനെതിരെയുള്ള പ്ലക്കാർഡുകൾ വരെ അവരുടെ പക്കൽ ഉണ്ടായിരുന്നു. അതിനും പിന്നിലായി അനേകം ക്യാമറകൾ സമരപന്തലിലേക്ക് ഫോക്കസ് ചെയ്ത് നിൽക്കുന്നു. മാധ്യമങ്ങൾ ലൈവായി എല്ലാം കാണിച്ചുകൊണ്ടേയിരുന്നു. ഡൽഹിൽ ഇതേ സ്ഥലത്ത് മൗലികമായ ജനാധിപത്യ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി സമരങ്ങൾ മേധ പട്കർ ഉൾപ്പെടെയുള്ളവർ നടത്തിയിട്ടുണ്ട്. അന്നൊന്നും ഈ മാധ്യമങ്ങളെ അവിടെ കണ്ടിട്ടില്ല.

കരട് നിയമം നടപ്പിലാക്കുന്നതിൽ സിവിൽ സമൂഹത്തിന്റെ പ്രതിനിധികൾ ഉള്ളത് നല്ലതാണ്. പ്രശാന്ത് ഭൂഷണെ പോലെയുള്ളവരുടെ സാന്നിദ്ധ്യമാണ് പ്രതീക്ഷ നൽകുന്നത്. പാവങ്ങളെ ബാധിക്കുന്ന ഒട്ടനവധി കേസുകൾ ഫീസൊന്നും വാങ്ങാതെ നാളുകളായി വാദിക്കുന്ന അഭിഭാഷകനാണ് അദ്ദേഹം. ജുഡീഷ്യറിയുടെ അഴിമതിക്കെതിരെയുള്ള പോരാട്ടങ്ങൾക്കും അദ്ദേഹം മുന്നിലുണ്ട്. ജുഡീഷ്യറിയുടെ നീതികേടുകൾ തുറന്നുകാട്ടുന്നതിനുള്ള വലിയ ജനകീയ കൂട്ടായ്മ രൂപീകരിക്കാനും അദ്ദേഹത്തിന്റെ നേതൃത്വത്തിന് കഴിഞ്ഞിട്ടുണ്ട്. ജസ്റ്റിസ് കപാടിയയെപ്പോലെയുള്ളവരുടെ കോർപ്പറേറ്റ് ബന്ധങ്ങൾ പുറത്ത്കൊണ്ടുവന്നതെല്ലാം ഈ കൂട്ടായ്മയാണ്. എന്നാൽ പ്രശാന്ത് ഭൂഷണെപ്പോലെ, പല മേഖലകളിൽ വർഷങ്ങളായി ഇടപെടലുകൾ നടത്തുന്നവർ ജനലോക്പാൽ ബിൽ നിർമ്മിക്കുന്നതിൽ സജീവമായി ഇടപെട്ടിട്ടും അന്നാഹസാരെയേയും രംദേവിനെയും പോലെയുള്ള വ്യക്തികൾക്കാണ് കൂടുതൽ പ്രധാന്യം ലഭിച്ചത്. മതാതിഷ്ഠിതമായ മൂല്യബോധങ്ങൾ മുന്നോട്ട് വയ്ക്കുന്ന ബിംബങ്ങളോടുള്ള ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ മാനസിക അടിമത്വമാണ് ഹസാരെയേയും രംദേവിനെയും പോലെയുള്ള വ്യക്തികളെ നിർമ്മിക്കുന്നത്. ലോക്പാൽ പോലെയുള്ള ഒരു സമിതി പാർലമെന്റിനെ ഒഴിവാക്കിക്കൊണ്ട് തീരുമാനങ്ങളെടുക്കുന്നത് ജനാധിപത്യത്തെ സാരമായി ബാധിക്കുന്നുണ്ട്. ഗവേണൻസിലുണ്ടാകുന്ന ഈ ഷോർട്കട്ട് ജനാധിപത്യത്തിന്റെ അപചയമാണ് തുറന്ന് കാണിക്കുന്നത്. നിയമനിർമ്മാണ പ്രക്രിയയിലല്ല, നിയമനിർവ്വഹണ പ്രക്രിയയിലാണ് പങ്കാളിത്തമുണ്ടാകേണ്ടത്. അത് തിരിച്ചറിയാനുള്ള രാഷ്ട്രീയ വിദ്യാഭ്യാസം ഇന്നത്തെ കോൺഗ്രസ് നേതൃത്വത്തിന് ഇല്ല.

(അധ്യാപകൻ)